# ശ്ലീഹാകാലം
## വചന വിചിന്തനം
### ശ്ലീഹാകാലം രണ്ടാം ഞായർ
ലൂക്കാ 7,36-50

**സ്നേഹത്തിന് ക്ഷമയുമായുള്ള ബന്ധത്തെ ക്രിസ്തു വ്യാഖ്യാനിക്കുന്നു; "ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു." എങ്കിൽ, ഒന്നുറപ്പാണ്; ആരോട് അധികം ക്ഷമിക്കുന്നുവോ അവൻ അധികം സ്നേഹിക്കും!**

"വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക..." വിശ്വാസം രക്ഷയിലേയ്ക്ക് നയിച്ചപ്പോൾ സമാധാനത്താൽ ഭരിക്കപ്പെടുന്നു.

ദൈവശാസ്ത്രജ്ഞൻമാർ വി.ലൂക്കയുടെ സുവിശേഷത്തിന് നൽകിയിരിക്കുന്ന മറ്റൊരു പേര് "കരുണയുടെ സുവിശേഷം" എന്നാണ്. കാരണം, വി.ലൂക്കയുടെ സുവിശേഷം കരുണയെ കുറിച്ച് വ്യാഖ്യാനിക്കുന്നതിനും കരുണ പങ്കുവയ്ക്കുന്നതിനും ഏറെ താത്പര്യവും ശ്രദ്ധയും പുലർത്തുന്നു. അതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് നാം ഇന്ന് വായിച്ച വചനഭാഗം; "പാപിനിക്കു മോചനം" (ലൂക്കാ 7,35-50).

ഒരിക്കൽ, ഫരിസേയരിൽ ഒരുവൻ തന്നോടൊത്തു ഭക്ഷണം കഴിക്കുന്നതിനു വേണ്ടി ക്രിസ്തുവിനെ ക്ഷണിച്ചു. കർത്താവ് അവന്റെ വീട്ടിൽ പ്രവേശിച്ചു ഭക്ഷണത്തിനിരുന്നപ്പോൾ, ആ പട്ടണത്തിലെ പാപിനിയായ ഒരുവൾ ഫരിസേയന്റെ വീട്ടിൽ അവൻ ഭക്ഷണത്തിനിരിക്കുന്നു എന്നറിഞ്ഞ്, ഒരു വെൺകൽഭരണി നിറയെ സുഗന്ധതൈലവുമായി അവിടെ വന്നു. അവൾ അവന്റെ പിന്നിൽ പാദത്തിനരികെ കരഞ്ഞുകൊണ്ടു നിന്നു. കണ്ണീരുകൊണ്ട് അവൾ അവന്റെ പാദങ്ങൾ കഴുകുകയും തലമുടികൊണ്ടു തുടയ്ക്കുകയും ചുംബിക്കുകയും സുഗന്ധതൈലം പൂശുകയും ചെയ്തു. അവനെ ക്ഷണിച്ച ആ ഫരിസേയൻ ഇതുകണ്ട് സ്വഗതമായി പറഞ്ഞു;

"ഇവൻപ്രവാചകൻ ആണെങ്കിൽ തന്നെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഏതു തരക്കാരി എന്നും അറിയുമായിരുന്നു. ഇവൾ ഒരു പാപിനി ആണല്ലോ."

ഇതു കേൾക്കുന്ന കർത്താവ് അവനോടു പറഞ്ഞു: "ഇവൾ അധികം സ്നേഹിച്ചു. അതിനാൽ, ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു."

കർത്താവ് പാപിനിയായ സ്ത്രീയുടെ അടുത്ത് കരുണ കാണിക്കുന്നു. അവൻ കരുണ കാണിക്കുന്നതിനുള്ള കാരണം, "അവൾ അധികം സ്നേഹിച്ചു" എന്നുള്ളതാണ്. തന്റെ ജീവിതശൈലിയെ കുറച്ചും പാപജീവിതത്തെകുറിച്ചും തിരിച്ചറിവ് സ്വന്തമാക്കിയിരുന്നവളായിരുന്നു അവൾ. അതുകൊണ്ടുതന്നെ പശ്ചാതാപത്താൽ വിവശയായ അവൾ തന്റെ പാപങ്ങൾ പൊറുക്കാനും ക്ഷമിക്കാനും കഴിവുള്ളവന്റെ മുമ്പിൽ കണ്ണുനീർ വാർത്ത് കരയുകയാണ്. അവളുടെ സ്നേഹം അണപൊട്ടി ഒഴുകുകയാണ്. അത് തിരിച്ചറിയണമെങ്കിൽ പാപിനിയായ സ്ത്രീയുടെ പ്രവർത്തികളെ കുറിച്ച് ശിമയോന്റെ അടുത്ത് കർത്താവ് പറയുന്നത് വ്യാഖ്യാനിച്ചാൽ മതി;

"നീ ഈ സ്ത്രീയെ കാണുന്നല്ലോ. ഞാൻ നിന്റെ വീട്ടിൽ വന്നു; കാലു കഴുകുവാൻ നീ എനിക്കുവെള്ളം തന്നില്ല. എന്നാൽ, ഇവൾ കണ്ണീരുകൊണ്ട് എന്റെ കാലു കഴുകുകയും തലമുടികൊണ്ട് തുടയ്ക്കുകയുംചെയ്തു. നീ എനിക്കു ചുംബനം തന്നില്ല; എന്നാൽ, ഞാനിവിടെ പ്രവേശിച്ചതുമുതൽ എന്റെ പാദങ്ങൾ ചുംബിക്കുന്നതിൽനിന്ന്

ഇവൾ വിരമിച്ചിട്ടില്ല. നീ എൻെറ തലയിൽ തൈലം പൂശിയില്ല, ഇവളോ എൻെറ പാദങ്ങളിൽ സുഗന്ധതൈലം പൂശിയിരിക്കുന്നു."

തന്റെ പാപജീവിതത്തെ കുറിച്ച് വ്യക്തമായ തിരിച്ചറിവ് വന്നപ്പോൾ അതിൽ നിന്ന് കരകയറുന്നതിന് അവൾ കൂട്ടുപിടിക്കുന്നത് ക്രിസ്തുവിനെ തന്നെയാണ്. അത് അവൾക്ക് അനുഗ്രഹമായി ഭവിച്ചു. ദൈവത്തെ അധികം സ്നേഹിച്ചതുകൊണ്ട് ദൈവം അവളെയും അധികമായി സ്നേഹിച്ചു. അതുവഴിയായി അവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കുകയും അതിലൂടെ അവൾ രക്ഷ സമ്മാനിക്കുകയും ചെയ്തു. പാപങ്ങളിൽ നിന്നും പാപജീവിതശൈലികളിൽ നിന്നും കരകയറാൻ നാം അധികം ചെയ്യേണ്ടതും ഇത് തന്നെയാണ്, "ദൈവത്തെ അധികമായി സ്നേഹിക്കുക..."

ക്രിസ്തു അവളുടെ അധികമായ പാപങ്ങൾ ക്ഷമിക്കാൻ പറയുന്ന കാരണം; "ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ, ഇവൾ അധികം സ്നേഹിച്ചു. ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു" (ലൂക്കാ 7,47). എങ്കിൽ, "ക്ഷമിക്കുക" എന്നുള്ള ക്രിയ നയിക്കപ്പെടുന്നത് "സ്നേഹിക്കുക" എന്നുള്ള പ്രവർത്തിയിലേയ്ക്കാണ്. ആരോട് അധികം ക്ഷമിക്കുന്നുവോ അവൻ അധികം സ്നേഹിക്കുന്നു; ആരോട് അൽപ്പം ക്ഷമിക്കുന്നുവോ അവൻ അൽപ്പം മാത്രം സ്നേഹിക്കുന്നു. കർത്താവ് പഠിപ്പിച്ച ഏറ്റവും മനോഹരമായ പ്രാർത്ഥനയായ, "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..." എന്ന പ്രാർത്ഥനയുടെയും അന്തഃസത്ത ഇതു തന്നെയാണ്;

"പാപങ്ങൾ ക്ഷമിക്കുകപോലും ചെയ്യുന്ന ഇവൻ ആരാണ്?" ദൈവപുത്രൻ! ക്ഷമിക്കുമ്പോൾ ദൈവപുത്രസ്ഥാനത്തേയ്ക്ക് നാം ഉയർത്തപ്പെടുന്നു

"ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ..." (മത്താ 6,12).

നൽകുന്നതെല്ലാം "ബൂമറാങ്ങ്" പോലെ തിരിച്ചു വന്നുകൊണ്ടിരിക്കും. ക്ഷമിക്കുമ്പോൾ സ്നേഹം തിരിച്ചു വരുന്നു. അതുപോലെതന്നെ മറ്റുള്ളവരുടെ കടങ്ങൾ ക്ഷമിക്കുമ്പോൾ നമ്മുടെയും കടങ്ങൾ ക്ഷമിച്ചു കിട്ടുന്നു. ചുരുക്കത്തിൽ, "വിതയ്ക്കുന്നതു മാത്രമെ കൊയ്യാൻ സാധിക്കൂ." നന്മ വിതച്ചാൽ നന്മ കൊയ്യാൻ സാധിക്കും. അതുപോലെതന്നെ തിന്മ വിതച്ചാൽ തിന്മയെ കൊയ്യാൻ സാധിക്കൂ.

വെളുപ്പിന് സ്വപ്നം കണ്ടു കിടന്നുറങ്ങുന്ന കൊച്ചുതോമയുടെ മുന്നിൽ ഒരു മാലാഖ പ്രത്യക്ഷപ്പെട്ടു. കൊച്ചുതോമ പറഞ്ഞു;

"മാലാഖേ, എനിക്ക് ഒന്ന് കുമ്പസാരിക്കണം?"

"അച്ചന്മാരോടല്ലേ കുമ്പസാരിക്കേണ്ടത്...? ഞാൻ മാലാഖയല്ലേ?"

"അങ്ങനെ പറയരുത്... ആദ്യമായി ഒരു മാലാഖയെ കാണുവാ ഞാൻ... എനിക്ക് കുമ്പസാരിക്കണം."

മാലാഖ: "അത്രക്ക് ആഗ്രഹമാണേൽ കുമ്പസാരിക്ക്."

"മാലാഖേ ഞാൻ ചെറുതായി കാശ് അടിച്ചുമാറ്റും..."

മാലാഖ: "എവിടന്ന്?"

"എന്റെ ഭാര്യയുടെ കുടുക്കയിൽ നിന്ന്! ഇന്നലെ300 രൂപ എടുത്തു.."

മാലാഖ: "ഈ കാശ് എന്ത് ചെയ്തു?"

"ഞാൻ ചീട്ടു കളിക്കാൻ പോയി"

"പിന്നെ?"

"ഭാര്യ അറിയാതെ ഞാൻ ഫേസ്ബുക്കിൽ പെണ്ണുങ്ങളുമായി ചാറ്റ് ചെയ്യും!"

മാലാഖ: (ഞെട്ടലോടെ) "ങേ....?"

"പിന്നെ, മാലാഖേ ഞാൻ മദ്യപിക്കും. ബാറിൽ പോയല്ല വീട്ടിൽ വച്ച്! അവള് കുളിക്കാൻ കേറുമ്പോൾ. അല്ലേൽ, ആ പണ്ടാരം പ്രശ്നമുണ്ടാക്കും!"

മാലാഖ: "അപ്പോൾ ഭാര്യയ്ക്ക് മണം കിട്ടില്ലേ?"

"ഹേയ്... ഇത് വോഡ്കയാ. മണം കുറവാ... പിന്നെ ഏലക്ക, ഗ്രാമ്പൂ അതൊക്കെ

ശ്ലീഹാകാലം / രണ്ടാം ഞായർ / ലൂക്കാ 7,36-50

ചവയ്ക്കും."

മാലാഖ: "മദ്യം വീട്ടിലെവിടയാ ഒളിപ്പിക്കുക?"

"അതോ, ഗ്യാസുകുറ്റിക്കു പുറകിൽ."

മാലാഖ: "ശരി... കുമ്പസാരിച്ചു കഴിഞ്ഞോ?"

"മാലാഖേ എനിക്കൊരു ആഗ്രഹം കൂടി ഉണ്ട്..."

മാലാഖ: "എന്താ...?"

"എനിക്ക് മാലാഖയുടെ കയ്യൊന്നു മുത്തണം... ഞങ്ങൾ മലയാളികളുടെ ഒരു ശീലമാണ് അത്! മെത്രാന്മാരുടെയും കർദിനാൾമാരുടേയും കൈ മുത്തുക എത്! മുത്തുമ്പോൾ ഞങ്ങൾക്കും, മുത്തം കിട്ടുമ്പോൾ അവർക്കും ഒരു സന്തോഷം!"

മാലാഖ തന്റെ വലത്തേ കൈ നീട്ടിയിട്ട് പറഞ്ഞു; "ഇതാ മുത്ത്..."

കൊച്ചുതോമ മാലാഖയുടെ കയ്യിൽ മുത്തി... കൊച്ചുതോമ; "മാലാഖ രാത്രി മത്തികറി കൂട്ടിയാണോ ചോറുണ്ടത്?

മാലാഖ: "എന്ത് പറ്റി...?"

"അല്ല മാലാഖയുടെ കയ്യിൽ മത്തികറിയുടെ മണമുണ്ട്!"

മാലാഖ പിന്നീട് ഒന്നും മിണ്ടിയില്ല.... കൊച്ചുതോമ വിളിച്ചു; "മാലാഖേ.... പോയോ..?"

നിശബ്ദം. കൊച്ചുതോമ കണ്ണ് തുറന്നു നോക്കി. മാലാഖ പോയിരിക്കുന്നു.. അപ്പോൾ ഇടത് വശത്ത് പുതപ്പിനടിയിൽ നിന്നും ഭാര്യയുടെ ശബ്ദം;

"നേരം വെളുത്തിട്ട് നിങ്ങളെ പകൽ വെളിച്ചത്തിൽ നിർത്തി ഞാൻ ബാക്കി കൂടി കുമ്പസാരിപ്പിക്കുന്നുണ്ട്."

ക്ഷമിക്കാൻ... പൊറുക്കാൻ സാധിക്കുന്നിടത്താണ് കുടുംബജീവിതവും വ്യക്തി ജീവിതവും അനുഗ്രഹപൂർണ്ണമാകുന്നത്. കുറവുകളുള്ള കുടുംബങ്ങളല്ല പരാജയപ്പെട്ടുപോകുന്നത്. മറിച്ച്, കുറവുകളുടെ നടുവിൽ കൂട്ടിപിടിക്കാൻ കരങ്ങളില്ലാത്ത കുടുംബങ്ങളാണ് തോറ്റുപോകുന്നത്. വചനം അടിവരയിട്ട് പറയുന്നു; "ആരോട് അൽപം ക്ഷമിക്കപ്പെടുന്നുവോ അവൻ അൽപം സ്നേഹിക്കുന്നു." സ്നേഹം വർദ്ധിക്കണമെങ്കിൽ ക്ഷമിക്കാനും പൊറുക്കാനും പഠിക്കേണ്ടിയിരിക്കുന്നു. ആരോട് അധികം ക്ഷമിക്കുന്നുവോ, അവർ അധികം സ്നഹിക്കും. വിതയ്ക്കുന്നതാണ് കൊയ്യാൻ സാധിക്കുക.

"പാപിനിയായ ഒരുവൾ ഫരിസേയന്റെ വീട്ടിൽ അവൻ ഭക്ഷണത്തിനിരിക്കുന്നു എന്നറിഞ്ഞ്, അവിടെ വന്നു..."

രക്ഷ സ്വന്തമാക്കാൻ കർത്താവിനെ അറിഞ്ഞ് വരണം...

**"ദൈവത്തോടു കൂട്ടായ്മയുണ്ടെന്നു പറയുകയും അതേ സമയം അന്ധകാരത്തിൽ നടക്കുകയും ചെയ്താൽ നാം വ്യാജം പറയുന്നവരാകും"**

1 യോഹ 1,6

ഫാ. ജോബി മേനോത്ത്
+91 9447777931